**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2462** **04-03-2025 - ൽ മറുപടിയ്ക്ക്**

**കല്ലൂരിക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയായ കല്ലൂരിക്കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കല്ലൂരിക്കടവ് പാലം നിർമ്മാണ പ്രവൃത്തിയുടെ DPR നിർവ്വഹണ ഏജൻസിയായ KRFB, 03/01/2022-ന് കിഫ്ബിയിൽ സമർപ്പിരുന്നതും, ആയത് അവലോകനം നടത്തി കിഫ്ബിയിൽ നിന്നും 09/02/2022 ന് SPV ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നതുമാണ്. ഇതിന് SPV 20/05/2022ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യം അറിയിച്ചു കൊണ്ട് SPV ക്ക് 24/06/2022-ന് നിരീക്ഷണ കുറിപ്പ് നൽകിയിരുന്നെങ്കിലും ആയതിനുള്ള മറുപടി ലഭ്യമാക്കിയിരുന്നില്ല. പിന്നീട് ബഹു. എം.എൽ.എയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 23/03/2023 ന് നടത്തിയ സൈറ്റ് വിസിറ്റിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ അപ്രോച്ച് റോഡിനായി SPV പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധിക്കുന്നതിനായി 30/06/2023-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി അലൈൻമെന്റ് ഡ്രോയിംഗിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.<br><br>പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും, ആയത് സ്ഥല പരിശോധനാ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ പൂർണ്ണമായും പാലിക്കാത്തതിനാൽ പുതുക്കി സമർപ്പിക്കുന്നതിന് 08/11/2023 ലെ കത്ത് മുഖേന SPV ക്ക് കിഫ്ബി നൽകിയ നിർദ്ദേശമനുസരിച്ച് SPV തയ്യാറാക്കിയ അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ |

| | | | |
|---|---|---|---|
| | | | ഡിസൈൻ വിഭാഗം പാലത്തിന്റെയും അനുബന്ധ റോഡിന്റെയും പ്രത്യേകം രണ്ട് DPR ആയാണ് KRFB എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 21/05/2024-ന് സമർപ്പിച്ചതെന്നും, തുടർന്ന് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം രണ്ട് ഡി.പി.ആറും ഏകോപിപ്പിച്ച് ഒറ്റ ഡി.പി.ആർ ആയി സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിന് നിർദ്ദേശം നൽകിയിരുന്നതായും നിർവ്വഹണ ഏജൻസി അറിയിച്ചിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഡിസൈൻ വിംഗ് അന്തിമ ഡി.പി ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിർദ്ദിഷ്ട മാതൃകയിലുള്ള പരിഷ്കരിച്ച DPR നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. എന്നാൽ പൊതുമരാമത്ത് ഡിസൈൻ വിംഗിൽ നിന്നും ലഭ്യമായ 43.133 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് മാത്രം KRFB 28.12.2024-ന് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ? | (സി) | നിർവ്വഹണ ഏജൻസി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അവലോകനം തുടരുന്നതിന്റെ ഭാഗമായി കിഫ്ബി അപ്രൈസൽ വിഭാഗം 24.02.2025-ന് നടത്തിയ സൈറ്റ് വിസിറ്റിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസിക്ക് അവലോകന റിപ്പോർട്ട് നൽകുന്നതാണ്. ആയതിന് നിർവ്വഹണ ഏജൻസി തൃപ്തികരമായ മറുപടി സമർപ്പിക്കുന്ന മുറയ്ക്ക് അവലോകനം പൂർത്തീകരിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പ്രവൃത്തിയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ